**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3812** **15-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ പോലീസ്/ മിലിറ്ററി മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുറം കോട്ടയുടെ സമീപത്തെ പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ പോലീസ്/ മിലിറ്ററി മ്യൂസിയം സ്ഥാപിക്കുന്നതിനായി 15.07.2010 - ൽ അന്നത്തെ ടൂറിസം ആഭ്യന്തര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള കോർഡിനേഷൻ കമ്മിറ്റി തീരുമാനം എടുത്തിരുന്നോ ; | (എ) | പള്ളിപ്പുറം കോട്ടയുടെ സമീപം പോലീസ് വകുപ്പിന്റെ സ്ഥലം പോലീസ്/മിലിറ്ററി മ്യൂസിയം സ്ഥാപിക്കുന്നതിനും സന്ദർശകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 15.07.2010-ൽ കോർഡിനേഷൻ കമ്മിറ്റി തീരുമാനിക്കുകയും ഇത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും ആയത് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുസിരിസ് പൈതൃക പ്രോജക്ട് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടായിരുന്നോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | സെൻട്രൽ ഫിനാൻഷ്യൽ അസിസ്റ്റൻസ് ഇനത്തിൽ പള്ളിപ്പുറം പോലീസ് ടൂറിസ്റ്റ് അറൈവൽ സെന്ററിന് അനുവദിച്ച 83.06 ലക്ഷം രൂപയാണ് പള്ളിപ്പുറം പോലീസ്/മിലിറ്ററി മ്യൂസിയത്തിനായി തീരുമാനിച്ചിരുന്നത്. |
| (സി) | 15/07/2010-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ; | (സി) | പോലീസ് വകുപ്പിന്റെ ആവശ്യത്തിനായുള്ള ഭൂമി മറ്റ് ആവശ്യങ്ങൾക്ക് അനുവദിക്കുന്നത് അനഭിലഷണീയമായതിനാലാണ് ഭൂമി കൈമാറാത്തത്. |
| (ഡി) | പ്രസ്ഇത പദ്ധതിയ്ക്കായി ഭൂമി ലഭ്യമാക്കുന്നതിൽ നേരിടുന്ന തടസം എന്തെന്ന് വ്യക്തമാക്കാമോ ? | (ഡി) | 'സി' പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ